"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - വി.എച്ച്.എസ്.ഇ കരിക്കുലം - '**Fish and Seafood Processing Technician (Food Processing)**' കോഴ്സ് - വി.എച്ച്.എസ്.ഇ-യുടെ '**Fish Processing Technology**' കോഴ്സിന് തുല്യമായി അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.**3544/2026/GEDN** തീയതി,തിരുവനന്തപുരം, **25-05-2026**

---

പരാമർശം:-
1. ശ്രീ. ഡിവിൻസിംഗ് ആൽബർട്ട്.ഡബ്ല്യു.ഐ **19.03.2026** തീയതിയിൽ സമർപ്പിച്ച നിവേദനം
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **10.04.2026** തീയതിയിലെ **VHSE/842/2026-C1** നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. ഡിവിൻസിംഗ് ആൽബർട്ട്.ഡബ്ല്യു.ഐ സമർപ്പിച്ച പരാമർശം **(1)** നിവേദനത്തിൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ഫിഷറീസ് ഡിപ്പാർട്ട്മെന്റിലെ 'ഫിഷറീസ് അസിസ്റ്റന്റ്' എന്ന തസ്തികയുടെ നിയമനത്തിനായി നടത്തിയ പരീക്ഷയുടെ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിയാണെന്നും ടിയാൻ പാസ്സായിട്ടുള്ള **NSQF** കോഴ്സായ '**Fish and Seafood Processing Technician (Food Processing)**' എന്ന കോഴ്സ്, വി.എച്ച്.എസ്.ഇ-യുടെ '**Fish Processing Technology** ' കോഴ്സിന് തുല്യമായി അംഗീകരിച്ച് തുല്യതാ സർട്ടിഫിക്കറ്റ് നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

**2.** ഫിഷറീസ് വകുപ്പിലെ 'ഫിഷറീസ് അസിസ്റ്റന്റ്' തസ്തികക്കുള്ള യോഗ്യതയായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത് വി.എച്ച്.എസ്.ഇ മുൻപുണ്ടായിരുന്ന **Fish Processing Technology/Aqua Culture/Fishing Craft and Gear Technology** എന്നീ കോഴ്സുകളാണ്. **Fish Processing Technology** കോഴ്സിന് ആൾട്ടർനേറ്റീവ് ആയി വന്നിട്ടുള്ള **NSQF** കോഴ്സാണ് **Fish and Seafood Processing Technician (Food Processing)** കോഴ്സ്. ടി കോഴ്സുകളുടെ പൊതുവായതും പ്രത്യേകമായതുമായ പാഠ്യ പദ്ധതി താരതമ്യം ചെയ്ത് വിഷയവിദഗ്ധരുടെ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ **Fish Processing Technology(FPT)** കോഴ്സ് **Fish and Seafood Processing Technician (FSPT))** കോഴ്സിനോട് വളരെ സാമ്യമുള്ളതായി കണ്ടെത്തുകയും, പാഠ്യപദ്ധതി താരതമ്യം ചെയ്തപ്പോൾ കണ്ടെത്തിയ ചെറിയ നൈപുണ്യ വ്യത്യാസങ്ങൾ **(skill gaps)**

നിലവിലെ **On-the-job Training (OJT)**, ഫീൽഡ് സന്ദർശനം, വിഷയവിദഗ്ധരുടെ പരിശീലന സെഷനുകൾ എന്നിവ വഴി ഫലപ്രദമായി പരിഹരിച്ചു വരുന്നു എന്നും തുല്യത നൽകാമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ '**Fish and Seafood Processing Technician (Food Processing)**' കോഴ്സ്, വി.എച്ച്.എസ്.ഇ-യുടെ '**Fish Processing Technology**' കോഴ്സിന് തുല്യമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
മത്സ്യബന്ധന വകുപ്പ്
ശ്രീ. ഡിവിൻസിംഗ് ആൽബർട്ട് ഡബ്ല്യു.ഐ, ഡിവൈൻകോട്ടേജ്, പരണിയം, പൂവ്വാർ പി.ഒ.
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് *(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sajida S
സെക്ഷൻ ഓഫീസർ
Date: 25-05-2026 17:30:38